# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01 | ലക്കം : 11 | 2023 ജൂൺ


# ആരോഗ്യ പരിരക്ഷയുടെ അനുഭവങ്ങൾ പങ്കുവെച്ച് 'അനുഭവ് സദസ്'




**ആ**രോഗ്യ ധനസഹായരംഗത്തെ വൈവിധ്യമാർന്ന അനുഭവങ്ങൾ പങ്കുവെച്ച് 'അനുഭവ് സദസ്' ദേശീയ ശിൽപ്പശാല, രാജ്യത്ത് ഇത്തരത്തിൽ ആദ്യ സംരംഭമെന്ന നിലയിൽ ശ്രദ്ധേയമായി. പത്ത് സംസ്ഥാനങ്ങളുടെ ആരോഗ്യവകുപ്പ് പ്രതിനിധികൾ, ലോകാരോഗ്യ സംഘടനയിലെയും ലോക ബാങ്കിലേയും നീതി ആയോഗിലെയും വിദഗ്ധർ തുടങ്ങിയവർ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സംഘടിപ്പിച്ച ശിൽപ്പശാലയിൽ പങ്കെടുത്തു.

'എല്ലാവർക്കും ആരോഗ്യ പരിരക്ഷ' എന്ന ലക്ഷ്യത്തിനൊപ്പം സൗജന്യ ചികിത്സാപദ്ധതികളിലൂടെ രോഗികൾക്ക് സ്വന്തം ചികിത്സാചെലവ് ഗണ്യമായി കുറയ്ക്കാനും സർക്കാരിനു കഴിയുന്നുവെന്ന് ശിൽപ്പശാല ഉദ്ഘാടനം ചെയ്ത ആരോഗ്യമന്ത്രി വീണ ജോർജ് പറഞ്ഞു. ഓരോ വർഷവും 37 % ഓളം പേർക്കാണ് അധികമായി സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നത്. 2019-20ൽ അഞ്ചു ലക്ഷത്തിൽ താഴെയായിരുന്നെങ്കിൽ 2022-23ൽ 6.45 ലക്ഷത്തോളം പേർക്കാണ് സൗജന്യ ചികിത്സ ലഭ്യമാക്കിയത്.

2021-22 സാമ്പത്തിക വർഷം ദേശീയതലത്തിൽ AB PM-JAY യുടെ ബജറ്റ് ചെലവ് 3116 കോടി രൂപയായിരുന്നെങ്കിൽ അതേ വർഷം കേരള സർക്കാർ 1563 കോടി രൂപയുടെ സൗജന്യ ചികിത്സാ ധനസഹായമാണ് നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ ഏറ്റവുമധികം സൗജന്യ ചികിത്സ നൽകി





യതിന് ‘ആരോഗ്യ ഉത്കൃഷ്ഠ’ പുരസ്കാരം കേരളത്തിന് ലഭിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് നിലവിലുള്ള സ്കീമുകൾ സംയോജിപ്പിച്ചുകൊണ്ടാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടപ്പാക്കിയത്. കേന്ദ്ര പിന്തുണയുള്ളതും പൂർണമായും സംസ്ഥാന ധനസഹായമുള്ളതുമായ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് അഞ്ചുലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സയാണ് ലഭ്യമാക്കുന്നത്.

***പതിനെട്ടു വയസിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യ കിരണം പദ്ധതി കാസ്പുമായി സംയോജിപ്പിച്ചിട്ടുണ്ട്. ക്യാൻസർ സുരക്ഷസ്കീം, താലോലം, ശ്രുതിതരംഗം എന്നീ പദ്ധതികൾ കാസ്പിൽ സംയോജിപ്പിക്കുന്ന നടപടി 2023-24 സാമ്പത്തിക വർഷത്തിൽ പൂർത്തിയാകും.***

കാസ്പിൽ ഉൾപ്പെടാത്ത, മൂന്നു ലക്ഷത്തിൽ താഴെ വരുമാനമുള്ള കുടുംബങ്ങളുടെ ചികിത്സാ ചെലവുകൾക്കായി കാരുണ്യ ബെനവലന്റ് ഫണ്ടും സംസ്ഥാനത്തുണ്ട്. നിലവിൽ കാസ്പിന് കീഴിൽ വരുന്ന 42 ലക്ഷം ഗുണഭോക്താക്കളിൽ 20 ലക്ഷത്തിലധികം പേർ പൂർണമായും സംസ്ഥാന ധനസഹായമുള്ളവരാണ്.

സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ 3200 കോടിയിലധികം രൂപയുടെ സൗജന്യ ചികിത്സ നൽകാനായി. ഇത് രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണ്.

പതിനെട്ടു വയസിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യകിരണം പദ്ധതി കാസ്പുമായി സംയോജിപ്പിച്ചിട്ടുണ്ട്. ക്യാൻസർ സുരക്ഷസ്കീം, താലോലം, ശ്രുതിതരംഗം എന്നീ പദ്ധതികൾ കാസ്പിൽ സംയോജിപ്പിക്കുന്ന നടപടി 2023-24 സാമ്പത്തിക വർഷത്തിൽ പൂർത്തിയാകും.

ജന്മനാ ഹൃദ്രോഗമുള്ള കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നൽകുന്ന ഹൃദ്യം പദ്ധതിയിലൂടെ ഇതുവരെ 5863 കുട്ടികൾക്കും 2023-ൽ മാത്രം 412 കുട്ടികൾക്കും സേവനം ലഭ്യമാക്കി. എല്ലാവർക്കും പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി 3D പ്രിന്റ് ചെയ്ത ബ്രെയിൽ ബെനിഫിഷ്യറി കാർഡ് പുറത്തിറക്കി. ആശുപത്രികളിൽ യൂണിഫോം കിയോസ്ക് അവതരിപ്പിച്ച ആദ്യ സംസ്ഥാനം കൂടിയാണ് കേരളമെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ കേൽക്കർ, പ്ലാനിംഗ് ബോർഡ് അംഗം ഡോ. പി.കെ. ജമീല, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻ ബാബു, ഇ ഹെൽത്ത് പ്രോജക്ട് ഡയറക്ടർ അനു കുമാരി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു എന്നിവർ പങ്കെടുത്തു.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ** IAS
(എക്സിക്യൂട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യൂട്ടീവ് - ഐ.ഇ.സി & സി.ബി)

***അംഗങ്ങൾ***
**ഡോ ബിജോയ് ഇ**
(ജോയ്ന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)
**അനിൽകുമാർ കെ**
(ജോയ്ന്റ് ഡയറക്ടർ - ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ)
**ഡോ. അനൂപ് റസാഖ്**
(ജോയ്ന്റ് ഡയറക്ടർ - മെഡിക്കൽ )

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**

# സൗജന്യ ചികിത്സ: കേരളത്തിന് ലോകാരോഗ്യ സംഘടന പ്രതിനിധിയുടെ പ്രശംസ

**വി**വിധ സ്രോതസ്സുകൾ സംയോജിപ്പിച്ചുള്ള കേരളത്തിന്റെ സൗജന്യ ചികിത്സാ പദ്ധതിക്ക് ലോകാരോഗ്യ സംഘടനയുടെ ഹെൽത്ത് ഫിനാൻസിങ് ലീഡ് ഡോ.ഗ്രേസ് അച്യുഗുരായുടെ പ്രശംസ. ആരോഗ്യ മന്ത്രി വീണ ജോർജുമായി നടത്തിയ കൂടിക്കാഴ്ചയിലും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'അനുഭവ്സദസ്' ദേശീയശിൽപശാലയിലും കേരള മാതൃകയെ അവർ അഭിനന്ദിച്ചു.

ചെറു-ഇടത്തരം സാമ്പത്തിക രാഷ്ട്രങ്ങളിൽ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന്റെ സാധ്യതകൾ അവർ ചർച്ചയിൽ ആരാഞ്ഞു. രോഗികൾക്ക് അവരുടെ സ്വന്തം നിലയിൽ വഹിക്കേണ്ടിവരുന്ന ചികിത്സാചെലവ് സംബന്ധിച്ച് പഠനം നടത്താൻ ലോകാരോഗ്യ സംഘടന ലക്ഷ്യമിടുന്നതായും ലോകാരോഗ്യ സംഘടനാ പ്രതിനിധി പറഞ്ഞു. ഇന്ത്യയിൽ ഏറ്റവുമധികം പേർക്ക് സൗജന്യ ചികിത്സ നൽകിയതിന് ദേശീയ ആരോഗ്യ ഉത്കൃഷ്ഠ പുരസ്കാരം നേടിയ കേരളം ഇക്കാര്യത്തിൽ വഴികാട്ടിയാണെന്നും അവർ അഭിപ്രായപ്പെട്ടു. ■



# എല്ലാ അതിദരിദ്ര കുടുംബങ്ങൾക്കും കാരുണ്യ ആരോഗ്യ പരിരക്ഷ




**സം**സ്ഥാനത്തെ അതിദാരിദ്ര്യം അനുഭവിക്കുന്ന എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ ഊർജിതപ്പെടുത്തി. അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ 2,207 അതിദരിദ്ര കുടുംബങ്ങളിൽ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത 247 കുടുംബങ്ങൾക്കു 'അവകാശം അതിവേഗം'എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡ് ലഭ്യമാക്കി. തിരഞ്ഞെടുത്ത അഞ്ചുപേർക്ക് പേർക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ നൽകി മുഖ്യമന്ത്രി പിണറായി വിജയൻ സംരംഭത്തിന് തുടക്കം കുറിച്ചു.

ഓരോ കുടുംബത്തിന്റെയും അതിദാരിദ്ര്യ അവസ്ഥ മാറ്റുന്നതിനുള്ള നടപടികൾ ഉൾപ്പെടുത്തി മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനോടൊപ്പം അടിസ്ഥാന അവകാശരേഖകൾ ഇല്ലാത്തവർക്ക് അത് ലഭ്യമാക്കുന്നതിന് ഏപ്രിൽ 24 ന് പത്തനംതിട്ടയിൽ നടന്ന

'അതിദാരിദ്ര്യനിർമാർജനം മൈക്രോ പ്ലാൻ രൂപീകരണ'ത്തിന്റെയും 'അവ കാശം അതിവേഗം' പദ്ധതിയുടെയും പൂർത്തികരണത്തിന്റെ സംസ്ഥാനതല പ്രഖ്യാപനം എന്ന പരിപാടിയിലാണ് മു ഖ്യമന്ത്രി സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന കാസ്പ്, കാരുണ്യ കാർഡു കൾ വിതരണം ചെയ്തത്. ഭക്ഷണം, സു രക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യം എന്നി നാലു ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് അതിദരിദ്രരെ കണ്ടെത്തുന്ന മാനദണ്ഡം തയാറാക്കിയത്. വിപുലമായ ജനപങ്കാ ളിത്തത്തിലൂടെയും ശാസ്ത്രീയരീതിക ളിലൂടെയും നടത്തിയ പ്രവർത്തനത്തി ലൂടെ 64,006 അതിദരിദ്ര കുടുംബങ്ങളെ സംസ്ഥാനത്തു കണ്ടെത്തുകയുണ്ടായി.

# ഝാർഖണ്ഡ് യുവതിക്ക് തുണയായി കേരളത്തിന്റെ കാരുണ്യം



**ഝാ**ർഖണ്ഡിലെ കൊഡർമ സ്വ ദേശിയാണ് 32 വയസ്സുള്ള ജീനത്ത്. ഭർത്താവ് എറണാകുളത്ത് ഹോട്ടൽ ജീവനക്കാരൻ. രണ്ട് കുട്ടികളടങ്ങുന്ന കുടുംബം പത്തുവർഷം മുമ്പാണ് കേ രളത്തിൽ സ്ഥിരതാമസമാക്കിയത്. ഹൃ ദ്രോഗത്തിന് ഝാർഖണ്ഡിൽ വെച്ച് പതിനഞ്ചുവർഷം മുൻപ് ഒരു ഓപ്പൺ ഹാർട്ട് സർജറി കഴിഞ്ഞിരുന്നു. അത ടക്കം ആറു ശസ്ത്രക്രിയകൾ കൊണ്ട് അവശയും നിർധനയുമായിക്കഴിഞ്ഞി രുന്നു ജീനത്ത്.

മരുന്നും വിശ്രമവുമായി കഴിയുന്ന തിനിടെ പരിശോധനയിൽ ജീനത്തിന് കിഡ്നിയ്ക്കു തകരാറും മൂത്രക്കല്ലും ഉണ്ടെന്ന് കണ്ടെത്തി. അതിന്റെ ചികിത്സ തുടങ്ങാനിരിക്കെ വീണ്ടും ഹൃദയവേദന വന്നു. വിദഗ്ധചികിത്സ വേണ്ടിവരുമെ ന്ന് സമീപത്തെ സ്വകാര്യ ആശുപത്രി ഡോക്ടർമാർ നിർദ്ദേശിച്ചു. അങ്ങനെ യാണ് ജീനത്ത് ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ എത്തിയത്.

പരിശോധനയിൽ മിട്രൽ വാൽ വ് റീപ്ലേസ്മെന്റ് സർജറി വേണ മെന്ന് കണ്ടെത്തി. ജീനത്തിന് എ.ബി.പി.എം.ജെ.വൈ ആരോഗ്യ ഇൻഷുറൻസ് കാർഡ് ഉണ്ടായിരുന്നെ ങ്കിലും അത് അസാധുവായിരുന്നു. BIS 2.0 യിലേക്ക് ഝാർഖണ്ഡ് സംസ്ഥാനം മൈഗ്രേറ്റ് ചെയ്തു പോയിരുന്നതിനാൽ നിലവിൽ BIS 2.1 ഉപയോഗിച്ച് കേരള ത്തിൽ കാർഡ് പുതുക്കാൻ സാധിക്കു മായിരുന്നില്ല. കുരുക്കുകൾ ഏറെയാണ്. പക്ഷെ എങ്ങനെയും സഹായിക്ക ണം-ഞങ്ങൾ തീരുമാനിച്ചു..

ആശുപത്രി പി.ആർ.ഓ ജെസ്സി സാ റാമ്മയുടെ നേതൃത്വത്തിൽ ആരോഗ്യമി ത്രമാരെക്കൂട്ടി ഒരു ടീമിനെ സജ്ജീകരി ച്ചു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഐ.ടി. വിഭാഗം മാനേജർ വിവേക് ഉൾപ്പെടെ യുള്ളവരുടെ ഉപദേശം തേടി. ജാർ ഖണ്ഡ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമാ യി ബന്ധപ്പെട്ടു. ഈ ശ്രമം ഫലം കണ്ടു.

രോഗിയുടെ ഝാർഖണ്ഡിലുള്ള ബ ന്ധുക്കളുടെ സഹായത്തോടെ ജീനത്തി ന്റെ റേഷൻ കാർഡ് ഫോൺനമ്പറുമാ യി ബന്ധിപ്പിച്ചു. തുടർന്ന് രോഗിയുടെ ആധാറിൽ അവരുടെ ഫോൺ നമ്പർ ബന്ധിപ്പിക്കുകയും അക്ഷയ കേന്ദ്രം വഴി ആധാർ പുതുക്കുകയും ചെയ്തു.

ആ കുടുംബത്തിൽ മലയാളം അറി യാവുന്ന ഏക വ്യക്തി ജീനത്തിന്റെ മകൾ 12 വയസ്സുകാരി നൗഷിൻ പ്രവീൺ ആണ്. അമ്മയുടെ ആരോഗ്യം വീണ്ടെ ടുക്കാൻ ഊണുമുറക്കവും ഉപേക്ഷിച്ച് നിസ്സഹായയായി ഒപ്പം നിന്ന ആ കുട്ടി യുടെ ഇച്ഛാശക്തിയും സഹായസന്നദ്ധ തയുമാണ് ആരോഗ്യസുരക്ഷാകാർഡ് പുതുക്കുന്നതിനുള്ള കുരുക്കുകളഴി ക്കാൻ ഞങ്ങൾക്ക് കരുത്തേകിയത്.

ഝാർഖണ്ഡ് സംസ്ഥാനം BIS2.0യി ലേക്ക് മൈഗ്രേറ്റ് ചെയ്തിരുന്നതിനാൽ ആധാർ ഓ.ടി.പി വഴി അവരുടെ സം സ്ഥാനത്തുനിന്നു തന്നെ ബന്ധുക്കളുടെ സഹായത്തോടെ കാർഡ് എടുക്കാനാ യി. അങ്ങനെ കാരുണ്യ ആരോഗ്യ സു രക്ഷാ പദ്ധതിയുടെ പരിരക്ഷയിലൂടെ തന്നെ 2023 മാർച്ച് 13 ന് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. 20 ന് ഡിസ്ചാർജ് ചെയ്തു.

അസാധ്യമെന്ന് കരുതിയിരുന്ന സങ്കീർ ണമായ ഒരു പ്രശ്നത്തിന് ചടുലമായ ടീം വർക്കിലൂടെ എങ്ങനെ അതിവേ ഗം പരിഹാരം കാണാം എന്നതിന് ഒരു പാഠം കൂടിയായി അഭിമാനകരമായ ഈ അനുഭവം. ആ ഭഗീരഥപ്രയത്നം വിജയി ച്ചപ്പോൾ ഞങ്ങൾക്കുണ്ടായ ചാരിതാർഥ്യ വും രോഗിയുടെ കുടുംബത്തിനുണ്ടായ സമാശ്വാസവും വിവരണാതീതമാണ്.

**അൻസിൽ എ**
പ്രധാനമന്ത്രി ആരോഗ്യമിത്ര
വണ്ടാനം മെഡിക്കൽ കോളേജ്
ആലപ്പുഴ



# പട്ടികവർഗ ഗുണഭോക്താക്കൾക്ക് കാസ്പ് സേവന ക്യാമ്പ്



**ഇ**ടുക്കി ജില്ലയിലെ മറയൂരിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കായി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ബോധവൽക്കരണ പരിപാടിയും കാർഡ് പുതുക്കി നൽകൽ ക്യാമ്പയിനും.

ജില്ലയിലെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധികാരിക രേഖകൾ നൽകി ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കാൻ അവസരം ഒരുക്കുന്ന അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റേഷൻ (എ.ബി.സി.ഡി) പരിപാടിയുടെ ഭാഗമായാണ് കാസ്പ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി അർഹരായ 322 ഗുണഭോക്താക്കൾക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കി നൽകി.

മാർച്ച് 19 മുതൽ 21 വരെ തീയതികളിൽ മറയൂർ ഗവ എൽ.പി.സ്കൂളിൽ സംഘടിപ്പിച്ച ക്യാമ്പയിൻ ജില്ലാ കളക്ടർ ഷീബ ജോർജ് ഐ.എ.എസ്, ദേവികുളം സബ് കളക്ടർ രാഹുൽകൃഷ്ണ ശർമ്മ ഐ.എ.എസ്, ജനപ്രതിനിധികൾ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, അനുബന്ധ വകുപ്പുകൾ, അക്ഷയ എന്നിവയുടെ സഹകരണത്തോടെ ഇടുക്കി ജില്ലാഭരണകൂടം നടപ്പാക്കുന്ന പദ്ധതിയാണ് എ.ബി.സി.ഡി. വിവിധ കാരണങ്ങളാൽ രേഖകൾ നഷ്ടപ്പെട്ടവർക്കും രേഖകൾ ഇല്ലാത്തവർക്കും വിവിധ സർക്കാർ സേവനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുകയാണ് ക്യാമ്പയിന്റെ ലക്ഷ്യം.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ലാ കോഓർഡിനേറ്റർ റോജിത് മാത്യു കാസ്പ് ക്യാമ്പയിന് നേതൃത്വം നൽകി. അടിമാലി താലൂക്കാശുപത്രി, എംഎസ്എസ് ഇഖ്റാ മെഡിക്കൽ സെന്റർ, അടിമാലി എന്നിവയുടെ സഹകരണത്തോടെയാണ് കാർഡ് പുതുക്കി നൽകിയത്. ആരോഗ്യമിത്രമാരായ സോളി കുര്യാച്ചൻ, ഫൗസിയ, സുജിത്, റസൽ, സുധീഷ് എന്നിവർ പങ്കെടുത്തു.

# പ്രതീക്ഷയറ്റ കുടുംബത്തിന് പ്രത്യാശപകർന്ന കാരുണ്യസ്പർശം

**കു**ടുംബത്തിന്റെ സാമ്പത്തിക ഭദ്രത താളം തെറ്റിക്കാൻ കാരണമാകുന്ന ഒന്നാണ് തുടർച്ചയായുള്ള ചികിത്സയും ആശുപത്രിവാസവും. വിട്ടുമാറാത്ത വൃക്കരോഗം മൂലം സാമ്പത്തികമായി തകർന്ന ഒരു കുടുംബം ഞങ്ങളുടെ ആശുപത്രിയിൽ വന്നു. പല സ്വകാര്യ ആശുപത്രികളിലും പോയി ഡയാലിസിസ് ചെയ്ത് സാമ്പത്തികസ്ഥിതി താളംതെറ്റി, എന്തുചെയ്യണം എന്നറിയാതെ നിൽക്കുമ്പോഴാണ് മണ്ണാർക്കാട് സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് ഉണ്ടെന്നറിഞ്ഞ് രാജു തോമസ് അപേക്ഷ നൽകിയത്.

ഊഴമെത്താനുള്ള കുറച്ചുകാലത്തെ കാത്തിരിപ്പിനുശേഷം രാജു തോമസിനെ ചികിത്സയ്ക്കായി ആശുപത്രി അധികൃതർ വിളിച്ചുവെങ്കിലും ചെലവ് എവിടെനിന്ന് കണ്ടെത്തും എന്ന പ്രശ്നം അവശേഷിച്ചു. മുനിസിപ്പാലിറ്റിപരിധിയിൽ താമസിക്കുന്ന



വർക്ക് മുനിസിപ്പാലിറ്റി ഡയാലിസിസ് പ്രോജക്റ്റിൽ ഉൾപ്പെടുത്തി സൗജന്യമായി ഡയാലിസിസ് ചെയ്യാറുണ്ട്. അല്ലെങ്കിൽ കാസ്പ് ഇൻഷുറൻസ് വേണം. ഇത് രണ്ടുമില്ലെന്നറിഞ്ഞപ്പോൾ പിന്നെ ഒരു വഴിയേയുള്ളൂ - കാരുണ്യ ബെനവലന്റ് ഫണ്ട്.

ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ ഊർജിതമായ ഇടപെടലിലൂടെ ആവശ്യമായ രേഖകൾ ശേഖരിച്ച് അതിവേഗം പുതിയ കെബിഎഫ് കാർഡ് ലഭ്യമാക്കി. അങ്ങനെ പ്രതീക്ഷയറ്റുപോയ ഒരു കുടുംബത്തിൽ പ്രത്യാശയുടെ തിരിനാളമുയർന്നു. പ്രാഥമിക പരിശോധനകൾ പെട്ടെന്ന് പൂർത്തിയാക്കി ചികിത്സ തുടങ്ങി. സൗജന്യ ഡയാലിസിസ് തുടരുന്നു. ഇതുപോലെ വേറെയും നിരവധി വൃക്കരോഗികൾക്ക് കാസ്പ്-കെബിഎഫ് പദ്ധതികളിലൂടെ ആരോഗ്യപരിരക്ഷയ്ക്ക് വഴിയൊരുക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർഥ്യമുണ്ട്.

**റ്റിൻസ് തോമസ്**
പി.ആർ.ഒ
താലൂക്ക് ആശുപത്രി
മണ്ണാർക്കാട്

# ഹൃദയ ശസ്ത്രക്രിയയിൽ നൂതന സാങ്കേതിക തികവുമായി എറണാകുളം ജനറൽ ആശുപത്രി

എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദ്രോഗത്തിന് അതിനൂതനവും സങ്കീർണവുമായ മിനിമലി ഇൻവേസീവ് കാർഡിയാക് സർജറി സംവിധാനം സജ്ജമാക്കി. ജില്ലയിലെ നിർദ്ധനരായ ഹൃദ്രോഗികൾക്ക് കുറഞ്ഞ ചെലവിൽ ഈ സൗകര്യം ലഭ്യമാകും. സ്വകാര്യ മേഖലയിൽ 10 മുതൽ 15 ലക്ഷം രൂപ വരെ ചെലവ് വരുന്ന ഈ ശസ്ത്രക്രിയ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വഴിപരമാവധി 1.7ലക്ഷം രൂപ ചെലവിൽ നടത്താൻ കഴിയും.

പരമ്പരാഗത ഹൃദയ ശസ്ത്രക്രിയയെ അപേക്ഷിച്ച് അതിവേഗം മികച്ച ചികിത്സ ഫലം നൽകുന്നതാണ് നിരവധി സവിശേഷ ഗുണങ്ങളുള്ള ഈ ശസ്ത്രക്രിയാരീതി. ഇന്ത്യയിൽ ഈ സംവിധാനമുള്ള സർക്കാർ/പൊതുമേഖല ആശുപതികൾ ആറുശതമാനത്തിൽ താഴെയാണ്.

പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാർ, ജീവനക്കാർ, സാങ്കേതിക സംവിധാനങ്ങൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ, തുടങ്ങിയ എല്ലാ സൗകര്യങ്ങളും ജനറൽ ആശുപത്രിയിൽ ഇതിനായി സർക്കാർ ഒരുക്കിയിട്ടുണ്ട്. കാർഡിയാക് സർജൻ, കാർഡിയാക് അനസ്തെറ്റിസ്റ്റ്, കാർഡിയോളജിസ്റ്റ് എന്നിവരുടെ നേതൃത്വത്തിൽ ഇതിനകം അഞ്ചു ശസ്ത്രക്രിയകൾ വിജയകരമായി നടത്തി.

നെഞ്ചിൽകൂട് തുറക്കാതെതന്നെ വാരിയെല്ലുകൾക്കിടയിൽ ചെറിയ മുറിവുകളിലൂടെ വാൽവുകൾ മാറ്റിവയ്ക്കുകയും ബൈപാസ് സർജറി നടത്തുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. കുറഞ്ഞ വേദന, മെച്ചപ്പെട്ട ശ്വാസകോശ പ്രവർത്തനം, വേഗത്തിലുള്ള സുഖം പ്രാപിക്കൽ എന്നിവയാണ് മുഖ്യ നേട്ടങ്ങൾ. സാധാരണക്കാർക്ക് ശസ്ത്രക്രിയ കഴിഞ്ഞ് രണ്ടുമൂന്നാഴ്ചകൾക്കുള്ളിൽ ദേഹാധ്വാനമാവശ്യമുള്ള ജോലികളിലേക്ക് തിരികെ പ്രവേശിക്കാൻ സാധിക്കും.സാധാരണ ശസ്ത്രക്രിയയിൽ ഇതിന് കുറഞ്ഞത് പന്ത്രണ്ട് ആഴ്ചവരെ എടുക്കും



***നെഞ്ചിൽകൂട് തുറക്കാതെതന്നെ വാരിയെല്ലുകൾക്കിടയിൽ ചെറിയ മുറിവുകളിലൂടെ വാൽവുകൾ മാറ്റിവയ്ക്കുകയും ബൈപാസ് സർജറി നടത്തുകയും ചെയ്യുന്നു എന്നതാണ് മിനിമലി ഇൻവേസീവ് കാർഡിയാക് സർജറിയുടെ പ്രധാന പ്രത്യേകത. കുറഞ്ഞ വേദന, മെച്ചപ്പെട്ട ശ്വാസകോശ പ്രവർത്തനം, വേഗത്തിലുള്ള സുഖം പ്രാപിക്കൽ എന്നിവയാണ് മുഖ്യ നേട്ടങ്ങൾ.***

പ്രമുഖ ഹൃദയ ശസ്ത്രക്രിയ വിദഗ്ദ്ധൻ ഡോ. ജോർജ് വാളൂരാൻ, ഡോ. അഹമ്മദ് അലി, കാർഡിയാക് അനസ്തെറ്റിസ്റ്റ് ഡോ. ദിവ്യ എന്നിവരുടെ നേതൃത്വത്തിലാണ് നിലവിൽ എറണാകുളം ജനറൽ ആശുപത്രിയിലെ കാർഡിയോ തൊറാസിക് സർജറി വിഭാഗം പ്രവർത്തിക്കുന്നത്

## ബ്രെയ്‌ലി ലിപിയിൽ കാരുണ്യ കൈപ്പുസ്തകം
# ഇനി ഞങ്ങൾക്കും വായിക്കാം, പരസഹായമില്ലാതെ



**ഞാ**ൻ വിഷ്ണു കേരള ബ്ലൈൻഡ് ഫെഡറേഷൻ കൊല്ലം ജില്ല പ്രസിഡന്റ്. കാഴ്ച പരിമിതരായ ഞങ്ങൾ അനുഭവിക്കുന്ന പ്രധാനപ്രശ്നങ്ങളിലൊന്ന് പല ക്ഷേമ-സേവന പദ്ധതികളെയും കുറിച്ച് നേരിട്ട് വിശദമായി മനസ്സിലാക്കാൻ കഴിയുന്നില്ല എന്നതാണ്. ലിപിയാണ് പ്രധാനപ്രശ്നം.

അതു മനസ്സിലാക്കി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കൃത്യമായ ഇടപെടൽ നടത്തിയത് ഞങ്ങൾക്ക് വലിയൊരു അനുഗ്രഹമായി. അടുത്തകാലത്ത് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയെപ്പറ്റി ബ്രെയിലി ലിപിയിൽ തയ്യാറാക്കിയ കൈപ്പുസ്തകം കൈയിൽകിട്ടിയപ്പോൾ ഞങ്ങൾക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. ഒരു പക്ഷേ ഇത്രയും ബൃഹത്തായ ഒരു പദ്ധതിയിൽ ഇന്ത്യയിൽ തന്നെ ആദ്യ ചുവടുവയ്പ്പാണ് ഇതെന്ന് ഞാൻ കരുതുന്നു. ഇക്കാര്യത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല.

സമൂഹത്തിൽ എല്ലാവിഭാഗം ജനങ്ങളിലേക്കും സ്കീമിനെ എത്തിക്കുന്നതിനായി സ്റ്റേറ്റ് ഏജൻസി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ ഇടപെടലുകൾ സമൂഹത്തിന് വലിയ മുതൽക്കൂട്ടാണ്. ഞങ്ങളുടെ അംഗങ്ങൾക്ക് പരസഹായമില്ലാതെ ഈ പദ്ധതി വഴിയുള്ള ചികിത്സാസഹായം ലഭിക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ വളരെ വിശദമായി തന്നെ മനസ്സിലാക്കാൻ ഇതുവഴി സാധിക്കും. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ സാന്ത്വനം വാക്കുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല എന്നതിന് ഒരു മികച്ച ഉദാഹരണമാണ് ഈ സംരംഭം.

**വിഷ്ണു എൽ**
പ്രസിഡൻറ്,
കേരള ബ്ലൈൻഡ്
ഫെഡറേഷൻ, കൊല്ലം

# സങ്കീർണസാഹചര്യത്തിലും കൈവിടാതെ കാരുണ്യ

**ഇ**ടുപ്പെല്ലിന് പൊട്ടലുമായാണ് ഏതാനും മാസങ്ങൾ മുൻപ് മാനന്തേരി ചിറ്റാരിപ്പറമ്പിലെ സുജിത് ആശാരി തലശ്ശേരി ജനറൽ ആശുപത്രിയിലെത്തിയത്. 47 കാരനായ മരപ്പണിക്കാരൻ. അയാളായിരുന്നു കുടുംബത്തിന്റെ ഏക വരുമാന മാർഗം

അനസ്തേഷ്യയുടെ ഭാഗമായ പരിശോധനയിൽ രോഗിയുടെ രക്തത്തിൽ പ്ലേറ്റ്‌ലെറ്റിന്റെ അളവ് തീരെ കുറവാണെന്ന് കണ്ടെത്തി. വിശദപരിശോധനയിൽ massive splenomegaly with portal hypertension എന്ന അവസ്ഥയാണെന്നു കണ്ട് തുടർപരിശോധനകൾക്കും വിദഗ്ധ ചികിത്സയ്ക്കുമായി റഫർ ചെയ്തു. എന്നാൽ പല ആശുപത്രികളും പരിശോധനകൾക്ക് ശേഷം ശസ്ത്രക്രിയ ചെയ്യാതെ പറഞ്ഞയയ്ക്കുകയും തുടർന്നു എംസിസി വഴി വീണ്ടും തലശ്ശേരി ജനറൽ ആശുപത്രിയിലെത്തുകയും ചെയ്തു.

രണ്ടാമത് ജനറൽ ആശുപത്രിയിലെത്തുമ്പോൾ 75,000 മാത്രമായിരുന്നു പ്ലേറ്റ്‌ലെറ്റിന്റെ അളവ്. അതിനെ അതിജീവിച്ച് അസ്ഥിരോഗവിഭാഗം മേധാവി ഡോ.വിജുമോന്റെ നേതൃത്വത്തിൽ ഇടുപ്പെല്ലു മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തി. രോഗി അതിവേഗം പൂർണ സുഖം പ്രാപിച്ചു. സ്വകാര്യ ആശുപത്രിയിൽ മൂന്നു ലക്ഷത്തിലധികം രൂപ ചെലവുവരുന്ന ശസ്ത്രക്രിയ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിലൂടെ പൂർണമായും സൗജന്യമായാണ് ചെയ്തത്.



**നിഷാദ എം**
പ്രധാനമന്ത്രി ആരോഗ്യമിത്ര
ജനറൽ ആശുപത്രി, തലശ്ശേരി

കാരുണ്യകേരളം
സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01
ലക്കം : 11
2023 ജൂൺ

# കുരുക്കുകളഴിക്കാനും ഒപ്പമുണ്ട് കാരുണ്യ



**സാ**ങ്കേതിക കാരണങ്ങളാൽ സർക്കാരിന്റെ ക്ഷേമ-സേവന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവർ ഏറെയാണ്. ഇച്ഛാശക്തിയും സേവനമനോഭാവവുമുണ്ടെങ്കിൽ സമയോചിതമായ ഇടപെടലിലൂടെ ഏത് കുരുക്കും അഴിച്ചെടുത്ത് നിസ്സഹായരായ നിർധനരെ സഹായിക്കാനാകും എന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. കഴിഞ്ഞൊരു ദിവസം അത്തരമൊരു സംഭവം ഞങ്ങളുടെ ആശുപത്രിയിലുണ്ടായി.

മാനന്തവാടി ജില്ല ആശുപത്രിയിൽ ആരോഗ്യ ഇൻഷുറൻസ് കൗണ്ടറിൽ, പതിവായി അവിടെ ചികിത്സയ്ക്ക് വന്നുകൊണ്ടിരുന്ന ശാന്തമ്മ ഓടിക്കിതച്ചെത്തി. ഇക്കുറി ഭർത്താവ് ഗോപിക്കാണ് രോഗം. ഐ.സി.യുവിലാണ്. സൗജന്യചികിത്സ പ്രതീക്ഷിച്ചാണ് ജില്ലാ ആശുപത്രിയിലെത്തിയത്. പഴയ ഇൻഷുറൻസ് കാർഡും റേഷൻ കാർഡുമൊക്കെയെടുത്താണ് ശാന്തമ്മ വന്നത്. ഇൻഷുറൻസ് കാർഡ് പരിശോധിച്ചപ്പോൾ കെ.വൈ.സി **(KYC)** യിൽ ശാന്തമ്മ മാത്രമേ ഉള്ളു. റേഷൻകാർഡിൽ രണ്ടുപേരുടെയും പേരുണ്ട്. ഗോപിയുടെ പേരുകൂടി ചേർക്കാൻ ഞങ്ങൾ ലാപ് ടോപ്പുമായി ഐസി.യു.വിൽ എത്തി. ആധാർ രേഖ എടുത്ത് ഫിംഗർ വെക്കുമ്പോൾ ഗോപിയുടെ വിരൽരേഖ യോജിക്കുന്നില്ല. ആധാർ പരിശോധിച്ചപ്പോൾ പിന്നെയും പ്രശ്നം. ഗോപി ഫോൺ ലിങ്ക് ചെയ്തിട്ടില്ല.

ഞാൻ അക്ഷയ സെന്ററിലേക്ക് വിളിച്ചു. ഉടൻതന്നെ അവിടെനിന്ന് ആളെത്തി ഫോൺ നമ്പർ ആധാറുമായി ലിങ്ക് ചെയ്തു. തുടർന്ന് ഗോപിയെ മൊബൈൽ ഒറ്റിപി വഴി ഇൻഷുറൻസ് കാർഡിൽ കൂട്ടിച്ചേർത്തു. അപ്പോൾത്തന്നെ ഇൻഷുറൻസ് ആനുകൂല്യങ്ങൾക്ക് അർഹത നേടി. സൗജന്യ ചികിത്സ ഉറപ്പായി. നല്ല ചികിത്സ കിട്ടി. രോഗം ഭേദമായി വീട്ടിലേക്ക് വിടുകയും ചെയ്തു.

**ബിൽജിത എംഎസ്**
പ്രധാനമന്ത്രി ആരോഗ്യമിത്ര
ജില്ല ആശുപത്രി, മാനന്തവാടി

# പരാതിപ്പെടാൻ കാലപരിധിയുണ്ടോ?



**സീ**മ : നീ എന്താ ഇന്നലെ കുടുംബശ്രീ മീറ്റിംഗിൽ വരാത്തത് ?

ഉഷ : എനിക്ക് ഇന്നലെ ഒരു DGRC ഉണ്ടായിരുന്നു.

സീമ : എന്താ ഈ DGRC ?

ഉഷ : ഡിസ്ട്രിക്ട് ഗ്രീവൻസ് റീഡ്രെസ്സൽ കമ്മിറ്റി. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ അനുകൂല്യങ്ങൾ നമുക്ക് ലഭിക്കാതെ വന്നാൽ, പരാതിപ്പെടാനുള്ള അവകാശം നമുക്കുണ്ട്. കഴിഞ്ഞ മാസം അമ്മയ്ക്ക് ഒരു സർജറി വേണ്ടിവന്നു. ഒരു പ്രൈവറ്റ് ആശുപത്രിയിലാണത് ചെയ്തത്. കാർഡ് ഉണ്ടായിട്ടും അവർ നമ്മുടെ കൈയ്യിൽ നിന്നും ക്യാഷ് മേടിച്ചു. ഇതിനെതിരെ ഞാൻ CGRMS പോർട്ടലിൽ പരാതിപ്പെട്ടിരുന്നു. അതനുസരിച്ചു DPC തിരിച്ചു വിളിക്കുകയും DGRC ൽ പരാതി ഉൾപ്പെടുത്താമെന്ന് പറയുകയും ചെയ്തു.

സീമ : ആണോ?

ഉഷ : അതെ. ഞാൻ ഇന്നലെ DGRC ൽ പങ്കെടുക്കുകയും കമ്മിറ്റി എനിക്ക് അനുകൂലമായി വിധി പറയുകയും ചെയ്തു. 14 ദിവസത്തിനകം കാശ് തിരികെ കൊടുത്തുകൊള്ളാമെന്ന് ആശുപത്രി അധികൃതർ സമ്മതിച്ചു.

സീമ: അത് കൊള്ളാമല്ലോ. എനിക്ക് ഇതു നേരത്തെ അറിയാമായിരുന്നെങ്കിൽ ഞാനും കംപ്ലൈന്റ് ചെയ്തേനെ. എന്റെ ഭർത്താവിന്റെ ആൻജിയോപ്ലാസ്റ്റിക്ക് 15,000 രൂപ ഞങ്ങളിൽ നിന്ന് ആശുപത്രി വാങ്ങിയിരുന്നു.

ഉഷ : അതിനെന്താ. പരാതിപ്പെടാൻ നിശ്ചിത കാലയളവ് ഒന്നും തന്നെ ഇല്ല. ആശുപത്രി ക്യാഷ് മേടിച്ച രസീത് കയ്യിലുണ്ടോ?

സീമ : ഉണ്ടല്ലൊ !

ഉഷ: എന്നാൽ ഒന്നുകൊണ്ടും പേടിക്കണ്ട. എത്രയും പെട്ടന്ന് www.cgrms.pmjay.gov.in/ എന്ന പോർട്ടലിലോ ദിശയുടെ 1056/104 ലോ പരാതിപ്പെട്ടോളൂ. നിങ്ങളടച്ച പണം തിരികെ കിട്ടിയിരിക്കും. ഇതെന്റെ അനുഭവമാണ്. DGRC ൽ ഉറച്ച് വിശ്വസിക്കാം.

സീമ: വളരെ നന്ദി !

**ബിസ്മി എസ് ജെ നായർ**
ജില്ല പ്രൊജക്റ്റ് കോർഡിനേറ്റർ
തിരുവനന്തപുരം

statehealthagencykerala

Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph) #9961213370
(For Private Circulation only)